മൂസക്കുട്ടി വെട്ടിക്കാട്ടിരി

## റോഹിങ്ക്യകളുടെ ഭൂമിയിൽ ബംഗ്ലാദേശി ബുദ്ധിസ്റ്റുകളെ കുടിയിരുത്തുന്നു



**റാക്കീൻ** ബുദ്ധിസ്റ്റ് തീവ്രവാദികൾ റോഹിങ്ക്യ മുസ്‌ലിം ന്യൂനപക്ഷ വിഭാഗത്തിന്റെ ഭൂമി കൈയേറി ബംഗ്ലാദേശി ബുദ്ധ കുടുംബങ്ങളെ കുടിയിരുത്തുന്നു. മ്യാന്മർ സർക്കാർ ഏജൻസികളുടെ സഹായത്തോടെയാണ് കൈയേറ്റം നടക്കുന്നത്. ബുദ്ധിസ്റ്റ് തീവ്രവാദികളും സർക്കാർ മിലീഷ്യകളും ചേർന്ന് റോഹിങ്ക്യകൾ താമസിക്കുന്ന ഗ്രാമങ്ങൾ വ്യാപകമായി കൈയേറുന്നതായി വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. മുസ്‌ലിം പ്രദേശങ്ങളിൽ ജനസംഖ്യ കുറച്ചുകൊണ്ടുവരാനുള്ള ആസൂത്രിത ശ്രമത്തിന്റെ ഭാഗമായാണ് പുതിയ കൈയേറ്റങ്ങളെന്ന് മുസ്‌ലിംകൾ ആരോപിക്കുന്നു. സ്വയം രാജ്യം വിട്ടുപോകാൻ മുസ്‌ലിം ന്യൂനപക്ഷ വിഭാഗത്തെ സമ്മർദത്തിലാക്കുന്നതിന്റെ ഭാഗമായാണ് ബംഗ്ലാദേശി ബുദ്ധ കുടുംബങ്ങളെ കുടിയിരുത്താൻ റോഹിങ്ക്യ ഭൂപ്രദേശങ്ങൾ കൈയേറുന്നതെന്ന് മനുഷ്യാവകാശ പ്രവർത്തക ലായ് മോംങ് പറഞ്ഞു. ഇത്തരം ബുദ്ധ വിഭാഗങ്ങളിൽ മുസ്‌ലിം വിരുദ്ധ വികാരം പരമാവധി ആളിക്കത്തിക്കാൻ അധികൃതർ ശ്രമിച്ചുവരുന്നതായും മോംങ് ആരോപിച്ചു.

അതിനിടെ, റോഹിങ്ക്യ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾക്ക് രമ്യമായ പരിഹാരം കാണണമെന്ന് അമേരിക്കൻ പ്രസിഡന്റ് ബാറാക് ഒബാമ കഴിഞ്ഞ ദിവസം ബർമീസ് അധികൃതരോട് ആവശ്യപ്പെട്ടിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പ്രതിഷേധങ്ങൾ ഉയരുന്നതിനിടയിലും മ്യാന്മർ ഭരണകൂടം ചരിത്രത്തിൽ ഇസ്രയേലിനു മാത്രം അവകാശപ്പെടാവുന്ന രീതിയിലുള്ള കടുത്ത മനുഷ്യാവകാശ ലംഘനങ്ങളുമായി മുന്നോട്ടു പോവുകയാണ്.

## ഇസ്‌ലാമിക സഹിഷ്ണുതക്ക് മുമ്പിൽ നിശ്ശബ്ദനായി വൈൽഡേഴ്സ്

**കടുത്ത** മുസ്‌ലിം വിരോധിയും ഡച്ച് തീവ്ര വലതുപക്ഷ രാഷ്ട്രീയനേതാവും പാർട്ടി ഫോർ ഫ്രീഡം സ്ഥാപകാംഗവുമായ ഗീർട്ട് വൈൽഡേഴ്സ് ഇസ്‌ലാമിന്റെ സഹിഷ്ണുതക്ക് മുമ്പിൽ നിശ്ശബ്ദനായി നിന്നു. പാർലമെന്റിനകത്തും പുറത്തും കടുത്ത മുസ്‌ലിം വിരുദ്ധ പ്രസ്താവനകൾ നടത്തിവരുന്ന വൈൽഡേഴ്സ് ഹോളണ്ടിലെ ലാഹായ് നഗരത്തിനടുത്തുള്ള ഒരു മുസ്‌ലിം ഭൂരിപക്ഷ പ്രദേശം സന്ദർശിക്കാനെത്തിയതായിരുന്നു. പ്രദേശത്ത് താമസിക്കുന്ന 'ഒറിജിനൽ' ഹോളണ്ടുകാരോട് മുസ്‌ലിംകൾ വിവേചനം കാണിക്കുന്നുവെന്ന പരാതിയെക്കുറിച്ച് നേരിട്ടറിയാനാണ് ഹോളണ്ട് ഉപ പ്രധാനമന്ത്രിയുടെ കൂടെ അദ്ദേഹം എത്തിയത്. എന്നാൽ, കടുത്ത മുസ്‌ലിം പ്രതിഷേധം പ്രതീക്ഷിച്ചെത്തിയ വൈൽഡേഴ്സിനെ 'We love Geert' എന്ന വിട്ടുവീഴ്ചയുടെ ഇസ്‌ലാമിക പാഠം ആലേഖനം ചെയ്ത ബാനറുകളുമായാണ് മുസ്‌ലിംകൾ വരവേറ്റത്.



വൈൽഡേഴ്സ്

മുസ്‌ലിംകളെ രാജ്യത്തുനിന്ന് പുറത്താക്കണമെന്നടക്കം പാർലമെന്റിൽ ആവശ്യമുന്നയിച്ച വൈൽഡേഴ്സിനെ ഡച്ച് മുസ്‌ലിംകൾ സ്വീകരിച്ചത് അപ്രതീക്ഷിത രീതിയിലായിരുന്നുവെന്ന് പിന്നീട് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഈ തീവ്ര വലതുപക്ഷ പാർട്ടിയിലെ മറ്റൊരു മുസ്‌ലിം വിരുദ്ധ നേതാവായിരുന്ന ആർനോഡ് വാൻ ഡൂൺ ഏതാനും മാസങ്ങൾക്ക് മുമ്പ് ഇസ്‌ലാം സ്വീകരിച്ചത് വലിയ വാർത്തയായിരുന്നു.

## മലേഷ്യൻ വികസന മാതൃകയുമായി മഹാതീർ കയ്റോയിൽ

**മലേഷ്യൻ** വികസന മാതൃക ഈജിപ്തിൽ പരീക്ഷിക്കാനുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തുന്നതിന് മുൻ മലേഷ്യൻ പ്രധാനമന്ത്രി മഹാതീർ മുഹമ്മദ് കയ്റോയിലെത്തി. ഈജിപ്തിലെ ഭരണകക്ഷിയായ 'ഫ്രീഡം ആന്റ് ജസ്റ്റിസ് പാർട്ടി'യുടെ ക്ഷണപ്രകാരമാണ് മഹാതീർ എത്തിയത്. ഈജിപ്തിലെ ഭരണരംഗത്തെയും വ്യവസായ രംഗത്തെയും പ്രമുഖരടങ്ങുന്ന 30-ഓളം വിദഗ്ധരുമായി ആറുമണിക്കൂർ നീണ്ട ചർച്ചാ വേദികളിൽ മഹാതീർ പങ്കെടുത്തു. വികസനത്തിന്റെ മലേഷ്യൻ മാതൃകയിൽ ഈജിപ്തിന് ഉൾക്കൊള്ളാൻ കഴിയുന്നതും അല്ലാത്തതുമായ കാര്യങ്ങളാണ് ചർച്ചയിൽ ഉയർന്നുവന്നത്. ഇഖ്‌വാനുൽ മുസ്‌ലിമൂൻ നേതാക്കളെയും വ്യവസായ പ്രമുഖരെയും മാധ്യമ പ്രവർത്തകരെയും കണ്ട് അദ്ദേഹം ആശയ വിനിമയം നടത്തി.

## തുർക്കിയിൽ സന്താനോൽപാദനത്തിന് പ്രോത്സാഹനം

**ലോകത്ത്** ജനപ്പെരുപ്പമാണ് പ്രശ്നമെന്ന് പറയുന്നവർ ജനപ്പെരുപ്പത്തിന്റെ മാഹാത്മ്യം തുർക്കിയോട് ചോദിക്കുക. യുവാക്കളിൽ വിവാഹവും സന്താനോൽപാദനവും പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ആനുകൂല്യങ്ങളടങ്ങിയ നിയമം കൊണ്ടുവരുമെന്ന് കുടുംബ സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രി ഫാത്വിമ ഷാഹീൻ പറഞ്ഞു. ഇതിന്റെ ലക്ഷ്യം തുർക്കി ജനസംഖ്യ വർധിപ്പിക്കുകയാണെന്നും ഷാഹീൻ തുറന്നു പറയുന്നു. മൂന്നോ അതിൽ കൂടുതലോ കുട്ടികളുള്ള കുടുംബത്തിന് പ്രത്യേക ധനസഹായം നൽകുന്നതിനെക്കുറിച്ച് പഠിച്ചുവരികയാണെന്നും അവർ അറിയിച്ചു. തുർക്കിയിലെ 'ഹുരിയത്' (Hurriyet) ദിനപ്പത്രത്തിന് നൽകിയ അഭിമുഖത്തിൽ സ്ത്രീ, മാതാവ്, കുടുംബം എന്നീ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് തുർക്കി സാമൂഹിക ക്ഷേമ രാഷ്ട്രീയം നിലകൊള്ളുന്നതെന്നും മന്ത്രി വ്യക്തമാക്കി.


*ഉർദുഗാൻ*

തുർക്കി പ്രധാനമന്ത്രി റജബ് ത്വയ്യിബ് ഉർദുഗാൻ കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വാർധക്യം രാജ്യം നേരിടുന്ന പ്രധാന പ്രശ്നമാണെന്നും രാജ്യപുരോഗതിക്ക് യുവാക്കളുടെ പങ്ക് അനിഷേധ്യമായതുകൊണ്ട് പുതിയ തലമുറ രൂപപ്പെട്ടു വരേണ്ടതുണ്ടെന്നും ഉർദുഗാൻ പറഞ്ഞു. തുർക്കി ജനസംഖ്യയുടെ 16.6 ശതമാനം മാത്രമാണ് യുവാക്കളെന്ന് അടുത്ത് നടന്ന ഒരു പഠനം വ്യക്തമാക്കിയിരുന്നു.

## ദൃഢപ്രതിജ്ഞയുമായി യൂറോപ്യൻ ഫലസ്ത്വീനികൾ

ഫലസ്ത്വീനിലെ ഒരു തരി മണ്ണുപോലും വിട്ടുകൊടുക്കില്ലെന്ന പ്രതിജ്ഞയോടെയാണ് ബൽജിയം തലസ്ഥാനമായ ബ്രസ്സൽസിൽ മെയ് 18-ന് അവസാനിച്ച 21-ാമത് യൂറോപ്യൻ ഫലസ്ത്വീനികളുടെ സമ്മേളനം സമാപിച്ചത്. ജന്മനാട്ടിലേക്ക് മടങ്ങിവരാനുള്ള ഫലസ്ത്വീൻ മക്കളുടെ അവകാശം ആർക്കും നിഷേധിക്കാൻ കഴിയുകയില്ലെന്നും സമ്മേളനം ആവർത്തിച്ചു.

അറബ് വസന്തം മേഖലയിലെ രാഷ്ട്രീയ സാഹചര്യം മാറ്റി മറിച്ചിട്ടുണ്ടെന്ന് സമ്മേളനം വിലയിരുത്തി. ഫലസ്ത്വീൻ ഐക്യം ഏറെ സുപ്രധാനമായ സമയമാണിതെന്ന് എല്ലാ വിഭാഗങ്ങളെയും യൂറോപ്യൻ ഫലസ്ത്വീൻ സമൂഹം ഓർമിപ്പിച്ചു. അവകാശങ്ങൾക്കായുള്ള പോരാട്ടത്തിന്റെ പാതയിൽ ഫലസ്ത്വീന്റെ ശബ്ദം ഏകോപിപ്പിക്കേണ്ടതുണ്ടെന്ന് സമ്മേളന പ്രതിനിധികൾ ഊന്നിപ്പറഞ്ഞു.

## ഇസ്രയേൽ കമ്പനിക്ക് അറബ് ലോകത്ത് 'പെന്റഗൺ' ഒത്താശ

ഒരു അമേരിക്കൻ കമ്പനിയുടെ ഇസ്രയേൽ ശാഖക്ക് അറബ് ലോകത്ത് ആയുധ ഇടപാടുകൾ നടത്താൻ പെന്റഗൺ അനുമതി നൽകിയത് മേഖലയിൽ ചൂടേറിയ ചർച്ചകൾക്ക് കാരണമായി. ചില അറബ് നാടുകളിലെ സൈന്യത്തിന് യുദ്ധ സാമഗ്രികളെത്തിക്കാൻ ഇസ്രയേലി കമ്പനിയായ 'Elbit Systems' വൻ തുകക്കുള്ള കോൺട്രാക്ട് നൽകിയെന്നായിരുന്നു അമേരിക്കൻ പത്രം *വേൾഡ് ട്രൈബ്യൂൺ* റിപ്പോർട്ട് ചെയ്തത്. ആയുധക്കച്ചവടത്തിനുള്ള കാലാവധി 2015 വരെ തുടരുമെന്നും പെന്റഗൺ വക്താവിനെ ഉദ്ധരിച്ച് *വേൾഡ് ട്രൈബ്യൂൺ* റിപ്പോർട്ട് ചെയ്തു.

അറബ് ലോകത്ത് ഇസ്രയേലി സ്ഥാപനങ്ങൾക്ക് നേരിട്ട് ഇടപെടാനുള്ള വിലക്ക് നിലനിൽക്കുന്നുണ്ട്. എന്നാൽ ജൂത രാഷ്ട്രം അമേരിക്കയെയും മറ്റും കൂട്ടുപിടിച്ച് കാര്യം നേടുകയാണ് പതിവ്.

## ഗസ്സക്ക് സഹായവുമായി ഫ്രഞ്ച് സന്നദ്ധ സംഘടന

**അറബ്** വസന്തത്തിന്റെ 'തലേന്നാൾ' വരെ ഫലസ്ത്വീനിലെ ഗസ്സയിലേക്ക് സഹായമെത്തിക്കുക ശ്രമകരമായ കാര്യമായിരുന്നു. ഈജിപ്തിലെ ഭരണകൂടത്തിന്റെ സഹായമില്ലാതെ ഗസ്സയിലേക്ക് കടക്കാനാകില്ല. അതുകൊണ്ടുതന്നെ അവശ്യ വസ്തുക്കളാണെങ്കിലും ഗസ്സക്കാർക്ക് വിലക്കായിരുന്നു. എന്നാലിപ്പോൾ അറബ് വസന്തത്തിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്തി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സന്നദ്ധ സംഘടനകൾ ഫലസ്ത്വീനിലെ ഇതര പ്രദേശങ്ങളിലേക്കെന്നപോലെ ഗസ്സയിലേക്കും സഹായങ്ങളെത്തിച്ചു തുടങ്ങിയിട്ടുണ്ട്. അങ്ങനെയാണ് കഴിഞ്ഞാഴ്ച ഫ്രാൻസിലെ സന്നദ്ധ സംഘടനയായ 'അൽഅമൽ' 10 ടൺ അവശ്യ സാധനങ്ങൾ ഗസ്സയിലെത്തിച്ചത്. മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ, വസ്ത്രങ്ങൾ, ഭക്ഷ്യ പദാർഥങ്ങൾ തുടങ്ങിയവയാണ് ഗസ്സ സഹായ പാക്കേജിലുള്ളത്.

## ബഹുസ്വരതയിലേക്ക് പാലം പണിത് അമേരിക്കൻ മുസ്‌ലിംകൾ

**വിവിധ** മത സാംസ്കാരിക വിഭാഗങ്ങൾക്കിടയിൽ ആരോഗ്യകരമായ സംവാദവും സഹിഷ്ണുതയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അമേരിക്കൻ മുസ്‌ലിംകൾ സമ്മേളനം സംഘടിപ്പിച്ചു. അമേരിക്കൻ സർക്കിൾ ഓഫ് നോർത്ത് അമേരിക്ക (ഇസ്ന) എന്ന അമേരിക്കൻ മുസ്‌ലിം കൂട്ടായ്മയുടെ WHY ISLAM പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ ജീവിതത്തിന്റെ വിവിധ തുറകളിൽനിന്നുള്ള ആയിരക്കണക്കിന് പേർ പങ്കെടുത്തതായി സമ്മേളന കോർഡിനേറ്റർ ആസിം ഖാൻ അറിയിച്ചു. Islam: The Pursuit of Happiness എന്ന പ്രമേയം കേന്ദ്രമാക്കി മെയ് 25 മുതൽ മൂന്നു ദിവസം നീണ്ട സമ്മേളനം സമൂഹത്തിൽ സമാധാനവും സഹിഷ്ണുതയും വളർത്തുന്നതിനാണ് മുഖ്യമായും ലക്ഷ്യമിട്ടതെന്നും അദ്ദേഹം പറഞ്ഞു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 15,000-ത്തിലേറെ മുസ്‌ലികൾ പങ്കെടുത്തു.